"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ വകുപ്പ് - അസറ്റ് മെയിന്റനൻസ് ഫണ്ട് 2024-25 - ആലപ്പുഴ വനിതാ ശിശു ആശുപത്രിയിൽ അത്യാഹിത വിഭാഗം നവീകരണം എന്ന പ്രവൃത്തി - പൂർത്തിയാക്കിയ വകയിൽ ചെലവായ തുക - അനുവദിച്ച് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1282/2024/H&FWD തീയതി,തിരുവനന്തപുരം, 28-05-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.3101/2019/ആ.കു.വ. തീയതി 24.12.2019

2. സ.ഉ.(സാധാ)നം.207/2024/ആ.കു.വ. തീയതി 29.01.2024

3. സ.ഉ.(സാധാ)നം.498/2024/ആ.കു.വ. തീയതി 19.02.2024

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26.04.2024 തീയതിയിലെ DHS/24529/2023-PLA2 എന്ന നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അസ്സെറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ വനിതാ - ശിശു ആശുപത്രിയിൽ നവീകരണ പ്രവർത്തികൾ ചെയ്യുന്നതിലേക്ക് 2019-2020 സാമ്പത്തികവർഷത്തിൽ മേൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം 139 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 35 ലക്ഷം രൂപ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിന്റെ നവീകരണ പ്രവൃത്തി നടപ്പിലാക്കാൻ വേണ്ടിയുള്ളതായിരുന്നു. അപ്രകാരം ആലപ്പുഴ വനിതാ ശിശു ആശുപത്രിയിൽ അത്യാഹിത വിഭാഗം നവീകരണ പ്രവൃത്തി നടത്തിയ ഇനത്തിൽ ചെലവായ 9,47,952/- രൂപയുടെ ഫണ്ട് അനുവദിക്കുന്നതിനു വേണ്ടി ആരോഗ്യ വകുപ്പ് ഡയറക്ടർ ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക മേൽ പരാമർശം 2, 3 എന്നീ ഉത്തരവുകൾ പ്രകാരം അനുവദിച്ചു നൽകിയിരുന്നു.

2. എന്നാൽ ഫണ്ട് ലഭ്യമാകാത്തതിനാൽ മേൽ പരാമർശം 2, 3 എന്നീ ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്ന 9,47,952/- രൂപയുടെ ബിൽ മാറി നൽകാൻ കഴിഞ്ഞില്ലെന്ന് മേൽ പരാമർശത്തിലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ആയതിനാൽ തുക അനുവദിച്ച്

നൽകുന്നതിനായി ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ ബിൽ (First & Part Bill) കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തു ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ വനിതാ ശിശു ആശുപത്രിയിൽ അത്യാഹിതവിഭാഗം നവീകരണ പ്രവൃത്തി നടത്തിയ ഇനത്തിൽ ചെലവായ 9,47,952/- **രൂപ (ഒൻപത് ലക്ഷത്തി നാൽപ്പത്തി എഴായിരത്തി തൊള്ളായിരത്തി അൻപത്തിരണ്ട് രൂപ മാത്രം) '2210-80-800-83-(AMF) (NP)'** എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തികവർഷത്തിലെ വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തുക കൈമാറുന്നതിന് മുൻപായി സമർപ്പിച്ചിട്ടുള്ള ബില്ലുകളുടെ ആധികാരികത ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് - എ) വകുപ്പ് (നം.(E.2103798):HLT-A1/120/2022-FIN തീയതി 21.05.2024 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P. K. Santhosh
Date: 29-05-2024 15:33:31
സെക്ഷൻ ഓഫീസർ